പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2238 18.12.2012 -ലെ മറുപടി

കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഷോപ്പിംഗ് കോംപ്ലക്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; | (എ) | കരുനാഗപ്പള്ളി ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം ബി.ഒ.ടി. അടിസ്ഥാനത്തിൽ കെ.ടി.ഡി.എഫ്.സി. -യെ ഏൽപ്പിക്കുന്നതിന് തീരുമാനം എടുത്തിരുന്നു. എന്നാൽ, ബി.ഒ.ടി. അടിസ്ഥാനത്തിൽ കെ.ടി.ഡി.എഫ്.സി. ഏറ്റെടുത്തു നടപ്പിലാക്കിയ ഷോപ്പിംഗ് കോംപ്ലക്സുകളിൽ, ഒന്നിൽ നിന്നും ഇതുവരെ കെ.എസ്.ആർ.ടി.സി. യ്ക്ക് വരുമാനം ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത തീരുമാനം പുനരവലോകനം ചെയ്യുന്നതിനായി മാറ്റി വെച്ചിരിക്കുകയാണ്.<br>ഇതുവരെയും പ്രസ്തുത പണി മറ്റ് ആരെയും ചുമതല പെടുത്തിയിട്ടില്ല. |
| (ബി) | ഇതിന്റെ സാധ്യതാപഠനം പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | സാദ്ധ്യതാ പഠനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ